മറ്റ് സ്ഥാപനങ്ങൾ, എന്നിവയുടെ കൈവശമുള്ള ഗോഡൗണുകൾ ഉപയോഗപ്പെടുത്താനും അർദ്ധസർക്കാർ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ എന്നിവ വാടകയ്ക്കെടുത്തും സർക്കാർ ഉടമസ്ഥതയിലുള്ള മിച്ചഭൂമികളും പുറമ്പോക്കുകളും പതിച്ചു വാങ്ങി ഗോഡൗണുകൾ നിർമ്മിച്ചും അധിക സംഭരണസ്ഥലങ്ങൾ കണ്ടെത്താനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) കേന്ദ്ര നിർദ്ദേശാനുസരണം ഭക്ഷ്യധാന്യ സംഭരണം നടന്നില്ലെങ്കിൽ റേഷൻ വിഹിതം കുറയ്ക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഒന്നുംതന്നെ നിലവിലില്ല.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്ന് അനുവദിച്ച കേന്ദ്ര ഫണ്ട്

**1(2902)** <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷങ്ങളിലായി ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്ന് വിവിധ പദ്ധതികൾക്കായി അനുവദിച്ച കേന്ദ്ര ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കാമോ ; ഓരോ പദ്ധതിക്കും എന്ത് തുക വീതമാണ് അനുവദിച്ചിരുന്നത് ; ഓരോ സാമ്പത്തിക വർഷത്തേയും പ്രത്യേകം കണക്ക് ലഭ്യമാക്കാമോ ;

(ബി) അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ ലാപ്സായ തുകയെത്ര ; ലാപ്സാകാനുള്ള കാരണമെന്താണെന്ന് വിശദമാക്കുമോ ;

(സി) ഫണ്ട് വിനിയോഗത്തിൽ കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിക്കപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഏതെങ്കിലും ഫണ്ട് വക മാറ്റി ചെലവഴിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന് വിശദീകരണം നൽകാമോ ?

<u>ഉത്തരം</u>

(എ) മറുപടി ചുവടെ പരാമർശിക്കുന്നതിൻപ്രകാരം അനുബന്ധമായി ചേർത്തിരിക്കുന്നു:

| | | |
|---|---|---|
| കോളേജ് വിദ്യാഭ്യാസ വകുപ്പ് | - | അനുബന്ധം പുറം 1* |
| സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് | - | " 2 |

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

| | | | |
|---|---|---|---|
| സ്റ്റേറ്റ് ലെവൽ എൻ.എസ്.എസ് | - | " | 3 |
| ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൺ റിസോഴ്സസ് ഡെവലപ്മെന്റ് | - | " | 4 |
| നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് | - | " | 5 |

(ബി) സ്റ്റേറ്റ് ലെവൽ എൻ.എസ്.എസ്-ന് തുക മുഴുവൻ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള ജീവനക്കാരുടെ അഭാവംമൂലമാണ് തുക മുഴുവൻ ചെലവഴിക്കാൻ സാധിക്കാത്തത്.

നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന് യു.ജി.സി. അനുവദിച്ച തുക മുഴുവനും ചെലവഴിച്ചിട്ടുണ്ട്. രാജീവ് ഗാന്ധി അഡ്വക്കേറ്റ്സ് ട്രെയിനിംഗ് പ്രോഗ്രാമിന് അനുവദിച്ച തുക വിനിയോഗിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുകയൊന്നും ലാപ്സ് ആയിട്ടില്ല. മറ്റെല്ലാ വകുപ്പുകളും അനുവദിച്ച തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ട്.

(സി&ഡി) കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിക്കപ്പെട്ടിട്ടില്ല. ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടില്ല.

## ഫ്ളെയർ

2(2903) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫ്ളെയർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) കോളേജുകളിലെ യുവ അദ്ധ്യാപകർക്ക് ഗുരുകുല സമ്പ്രദായ പ്രകാരം പ്രമുഖ അദ്ധ്യാപകരെ പിൻതുടർന്ന് പരിശീലനം നേടാൻ ഉതകുന്ന എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദമാക്കുമോ ;

(സി) പരിശീലനം നൽകുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly